**കേരള സർക്കാർ**
**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**
**വിജ്ഞാപനം**

സ. ഉ. (പി) നമ്പർ. 244/2010/തസ്വഭവ. തിരുവനന്തപുരം, 2010 ഒക്ടോബർ 30.

എസ്.ആർ.ഒ നമ്പർ. 997/2010.- 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 162, 162 എ എന്നീ വകുപ്പുകൾ 254-ാം വകുപ്പുമായി കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2000 സെപ്റ്റംബർ 29-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 276/2000/തഭവ എന്ന വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 2000 സെപ്റ്റംബർ 30-ാം തീയതിയിലെ 1767-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ 895/2000 നമ്പരായി പ്രസിദ്ധപ്പെടുത്തിയതുമായ, 2000-ലെ കേരള പഞ്ചായത്ത്രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

**ചട്ടങ്ങൾ**

1. **ചുരുക്കപ്പേരും പ്രാരംഭവും**.-(1) ഈ ചട്ടങ്ങൾക്ക് 2010-ലെ കേരള പഞ്ചായത്ത്രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) രണ്ടാം ഭേദഗതി ചട്ടങ്ങൾ എന്ന് പേർ പറ യാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. **ചട്ടങ്ങൾക്കുള്ള ഭേദഗതി.-** 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിൽ, ചട്ടം 3 എ-യുടെ (3)-ാം ഉപചട്ടത്തിനു പകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:-

''(3) ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന ശേഷം ആദ്യമായി സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ, ഗ്രാമ പഞ്ചായത്തുകളുടെയും ബ്ളോക്ക് പഞ്ചായത്തുകളുടെയും കാര്യത്തിൽ വൈസ്പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും, വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും; ജില്ലാപഞ്ചായത്തുകളുടെ കാര്യത്തിൽ, വൈസ്പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും വൈസ്പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും ആരോഗ്യവുംവിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും ആയിരിക്കേണ്ടതും; അപ്രകാരം സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളുടെ വിവരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തേണ്ടതും,

തുടർന്നുള്ള ഓരോ പൊതുതെരഞ്ഞെടുപ്പിനും ശേഷം അപ്രകാരം സംവരണം ചെയ്യപ്പെടേണ്ട 162-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനങ്ങൾ പ്രസ്തുത ഉദ്യോഗസ്ഥൻ, ആവർത്തന ക്രമം പാലിച്ചുകൊണ്ട് വീതിച്ചു നൽകേണ്ടതും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്''.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമാകുന്നതല്ല. എന്നാൽ അതിൻെറ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2010 ജൂൺ 22-ാം തീയതിയിലെ ജി.ഒ.(പി) 130/2010/തസ്വഭവ നമ്പർ വിജ്ഞാപന പ്രകാരം (എസ്.ആർ.ഒ നമ്പർ 596/2010) ഭേദഗതി ചെയ്ത 2000-ലെ കേരള പഞ്ചായത്ത്രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 3 എ ഉപചട്ടം (3) പ്രകാരം, ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന ശേഷം ആദ്യമായി സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ 162-ാം വകുപ്പ് (1)-ാം ഉപ വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിൽ ആയിരിക്കേണ്ടതും അപ്രകാരം സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളുടെ വിവരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ ആദ്യമായി സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെടേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ ചട്ടങ്ങളിൽതന്നെ നിശ്ചയിച്ചുകൊണ്ട് ചട്ടം 3എ, ഉപചട്ടം (3) ഭേദഗതി ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.